ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ വികസിത ഭാരതം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിച്ചു.

   President Droupadi Murmu says, Viksit Bharat will only be possible with quality education; Confers National Awards on 48 school teachers.

2. ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻറെ ശതാബ്ദി ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു

   Prime Minister Narendra Modi inaugurates the centenary celebrations of Shri Ram College of Commerce in New Delhi.

3. 'സ്വച്ഛത ഹി സേവ 2026' പ്രചാരണ പരിപാടിയിലൂടെ വൃത്തിയുള്ളതും ആരോഗ്യകരവുമായ ഇന്ത്യയോടുള്ള പ്രതിബദ്ധത ആവർത്തിക്കുകയാണെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ.

   Union Minister Manohar Lal says that the 'Swachhata Hi Seva 2026' campaign reaffirms the commitment towards a clean and healthy India.

4. ഇന്ത്യയുടെ പൈതൃകവും പാരമ്പര്യവും വീണ്ടെടുക്കുന്നതിൽ രാജ്യം കൂടുതൽ ആത്മവിശ്വാസം കൈവരിച്ചതായി ധനമന്ത്രി നിർമല സീതാരാമൻ

   India gains greater confidence in reclaiming its heritage and traditions says Finance Minister Nirmala Sitharaman.

5. നേപ്പാളിൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,344 ആയി ഉയർന്നു. പ്രളയത്തിൽ മരിച്ച മലയാളികളുടെ ഡിഎൻഎ പരിശോധനയ്ക്കായി നോഡൽ ഓഫീസർമാരെ നിയോഗിച്ച് കേരള സർക്കാർ.

   Death toll in Nepal floods rises to 1,344; Kerala government appoints nodal officers for DNA testing of Keralites who died in the floods.

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം.

   India to face Pakistan today in the Women's T20 Asia Cup Cricket.

********************

**PREZ- TEACHERS AWARD(INTRO)**

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ വികസിത ഭാരതം സാധ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അധ്യാപക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ അധ്യാപക പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ.

അക്കാദമിക് മികവ്, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവ രാജ്യത്തിന്റെ വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്നുവെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്

ചടങ്ങിൽ ദേശീയ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തു. 27 സംസ്ഥാനങ്ങൾ, ഏഴ് കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര

സർക്കാരിന് കീഴിലുള്ള ആറ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 48 സ്കൂൾ അധ്യാപകർ പുരസ്കാരം ഏറ്റുവാങ്ങി.

*********************

## VICE PRESIDENT LAUNCHES INDIA VALVE REGISTRY

ചെന്നൈയിൽ നടന്ന 'ഇന്ത്യ വാൽവ്സ് 2026' കോൺഫറൻസിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ 'ഇന്ത്യ വാൽവ് രജിസ്ട്രി' ഉദ്ഘാടനം ചെയ്തു. വികസിത ഭാരതം ആരോഗ്യമുള്ള ഭാരതം കൂടിയായിരിക്കണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. വൈദ്യശാസ്ത്ര രംഗത്തെ പുരോഗതികൾ കൂടുതൽ വ്യക്തികളിലേക്ക് എത്തിക്കുന്നതിനും എല്ലാവർക്കും ലഭ്യമാക്കുന്നതിനുമായി ഡോക്ടർമാരും ഗവേഷകരും സ്ഥാപനങ്ങളും തമ്മിൽ കൂടുതൽ സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

*********************

## PM-SRCC

ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻറെ ശതാബ്ദി ആഘോഷങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. പരിപാടിയെ അല്പസമയത്തിനകം പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ശ്രീ റാം കോളേജ് ഓഫ് കൊമേഴ്സ് 1926 ലാണ് സ്ഥാപിതമായത്

*********************

## VP- NE VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ മുതൽ നാല് ദിവസം അസം, മേഘാലയ, മണിപ്പൂർ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൽ സന്ദർശിക്കും. ചരിത്രപരവും സാമൂഹികവും ദേശീയവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനൊപ്പം, വിവിധ അക്കാദമിക, സാംസ്കാരിക, പൊതു പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

*********************

## SITHARAMAN- HERITAGE

ഇന്ത്യ സ്വന്തം പൈതൃകങ്ങളെയും ചരിത്രത്തെയും കുറിച്ച് പഠിക്കുന്നതിലും അവ വീണ്ടെടുക്കുന്നതിലും കൂടുതൽ

ആത്മവിശ്വാസമുള്ള രാജ്യമായി മാറിയിരിക്കുകയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ നടന്ന വാർഷിക ഹിസ്റ്ററി പ്രൈസ് അവാർഡ് ദാന

ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ലിഖിതങ്ങളും സമുദ്രവ്യാപാരവും ഗണിതശാസ്ത്രവും ഉൾപ്പെടെയുള്ള ഇന്ത്യയുടെ സമ്പന്നമായ പൈതൃകം രാജ്യം ഇന്ന് സ്വയം

വീണ്ടെടുക്കുകയാണെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു.

********************

## MANOHAR LAL – SWACCHATA CAMPAIGN

സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 2 വരെ നടക്കുന്ന 'സ്വച്ഛത ഹി സേവ 2026' പ്രചാരണ പരിപാടിയുടെ മുന്നൊരുക്കങ്ങൾ കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാലും കേന്ദ്ര ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീലും അവലോകനം ചെയ്തു. രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ഈ ശുചിത്വ പ്രചാരണം ഒൻപതാം പതിപ്പിലേക്ക് കടക്കുമ്പോൾ, വൃത്തിയുള്ളതും ആരോഗ്യകരവുമായ ഒരു ഇന്ത്യയോടുള്ള പ്രതിബദ്ധത രാജ്യം പുതുക്കുകയാണെന്ന് ശ്രീ മനോഹർ ലാൽ സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ പ്രചാരണ പരിപാടിയിൽ എല്ലാവരും മുന്നോട്ടുവന്ന് പൂർണ്ണമനസ്സോടെ പങ്കാളികളാകണമെന്നും 'സ്വച്ഛത ഹി സേവ'യെ യഥാർത്ഥ ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്നും കേന്ദ്ര മന്ത്രി ആഹ്വാനം ചെയ്തു.

********************

## BRICS CHIEF JUSTICES FORUM

ആരോഗ്യകരമായ വിയോജിപ്പുകളുടെയും ചർച്ചകളുടെയും സംസ്കാരം നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്. ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ചീഫ് ജസ്റ്റിസുമാരുടെ ഫോറത്തിൽ പ്രതിനിധികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സമയബന്ധിതമായ നീതിനിർവ്വഹണം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ബ്രസീൽ സുപ്രീം ഫെഡറൽ കോടതി പ്രസിഡന്റ് , ചൈനീസ് ചീഫ് ജസ്റ്റിസ് തുടങ്ങിയവരും

പരിപാടിയിൽ സംസാരിച്ചു.

********************

## SUPREME COURT LECTURE

നിയമം, നീതി, നിയമ വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് സുപ്രീം കോടതി പ്രതിമാസ പ്രഭാഷണ പരമ്പര ആരംഭിക്കുമെന്ന് ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് അറിയിച്ചു. നിയമം, നീതി, സമൂഹം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളിൽ ആശയവിനിമയത്തിനുള്ള സ്ഥിരം വേദിയായി ഈ പ്രഭാഷണ പരമ്പര മാറും. "ഓരോ മാസവും, ഒരു പ്രധാന ആശയം" എന്ന ആശയത്തിന് ഊന്നൽ നൽകിയാണ് ഈ പരമ്പര രൂപകൽപ്പന ചെയ്തിരിക്കുന്നത്.

*********************

## REIMAGINING KERALA

പുതുയുഗ കേരളത്തിന് പുതിയ വികസന ദിശകളും സാധ്യതകളും കണ്ടെത്തുന്നതിനായി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ സംഘടിപ്പിച്ച സംസ്ഥാന മന്ത്രിസഭാംഗങ്ങൾക്കായുള്ള ദ്വിദിന 'റീ ഇമാജിനിങ് കേരളം' നേതൃത്വ ശില്പശാല സമാപിച്ചു. മുഖ്യമന്ത്രി വി.ഡി സതീശൻ, മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. മനുഷ്യകേന്ദ്രിത വികസന മാതൃക നിലനിർത്തിക്കൊണ്ട് സാമ്പത്തിക വളർച്ച, ധനകാര്യ സുസ്ഥിരത, ആരോഗ്യ-ക്ഷേമം, കാലാവസ്ഥാ പ്രതിരോധം, സംരംഭകത്വം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസം, എന്നിവയിൽ പുതിയ ഇടപെടലുകൾക്ക് വഴിയൊരുക്കുന്ന ആശയങ്ങൾ സംഗമത്തിൽ ഉയർന്നുവന്നു.

*********************

## NHAI-KERALAM ACCIDENT

തൃശ്ശൂരിൽ ഇന്നലെ രാത്രിയുണ്ടായ വാഹനാപകടത്തിൽ ജീവൻ നഷ്ടപ്പെട്ട എട്ട് കോളേജ് വിദ്യാർത്ഥികളുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. തമിഴ്നാട്ടിലെ ദിണ്ടിഗലിൽ നിന്നുള്ള എട്ട് വിദ്യാർത്ഥികളുമായി പോയ കാർ റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്ത് നിർത്തിയിട്ടിരുന്ന ട്രക്കുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിന് തൊട്ടുമുമ്പ് വാഹനം അതിവേഗത്തിൽ സഞ്ചരിച്ചിരുന്നതായും, അതിവേഗ പാതയിൽ

ഒരു ട്രക്ക് അനധികൃതമായി പാർക്ക് ചെയ്തിരുന്നതായും പ്രാഥമിക സിസിടിവി ദൃശ്യങ്ങളിലുണ്ടെന്നാണ് റിപ്പോർട്ട്. അന്വേഷണത്തോട് പൂർണമായി സഹകരിക്കുമെന്ന് എൻഎച്ച്എഐ വ്യക്തമാക്കി.

*********************

**KANNUR (VOICE)**

ഇത്തവണത്തെ ദേശീയ അധ്യാപക അവാർഡ് കേരളത്തിൽ നിന്ന് ലഭിച്ചത് കണ്ണൂർ പുഴാതി ഗവ.യു.പി.സ്കൂൾ പ്രധാനധ്യാപകൻ ശ്രീ കെ.പി.സുനിൽകുമാറിനാണ്. സംസ്ഥാന ഗവൺമെന്റിന്റെ അധ്യാപക അവാർഡും ഇത്തവണ സുനിൽകുമാറിന് തേടിയെത്തിയിട്ടുണ്ട് . **ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ ത യ്യാറാക്കിയ റിപ്പോർട്ട്.**
**(വോയ്സ്)**

*********************

**EVE. BIHAR-FLOODS**

ബിഹാറിന്റെ പല ഭാഗങ്ങളിലും വെള്ളപ്പൊക്കം സാധാരണ ജീവിതത്തെ ബാധിക്കുന്നതായി റിപ്പോർട്ട്.
ദുരന്തനിവാരണ വകുപ്പിന്റെ കണക്കനുസരിച്ച്, 11 ജില്ലകളിലെ 50 ബ്ലോക്കുകളിലായി 201 പഞ്ചായത്തുകളിൽ
ഏകദേശം പത്ത് ലക്ഷം ആളുകളെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്. ഗംഗയും മറ്റ് നിരവധി പ്രധാന നദികളും വിവിധ സ്ഥലങ്ങളിൽ അപകടരേഖയ്ക്ക് മുകളിലാണ് ഒഴുകുന്നത്. ദുരിതബാധിതരെ സഹായിക്കുന്നതിനായി സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്.

*********************

**NEPAL FLOOD TOLL**

നേപ്പാളിൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,344 ആയി ഉയർന്നു. പ്രളയം ബാധിച്ച എട്ട് ജില്ലകളിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. അയ്യായിരത്തോളം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്. ഇതുവരെ പതിമൂവായിരത്തിലധികം പേരെ രക്ഷപ്പെടുത്തി. നുവാകോട്ട് ജില്ലയിൽ, നാലുനില വീടിന്റെ അവശിഷ്ടങ്ങൾക്കിടയിൽ 10 ദിവസമായി കുടുങ്ങിക്കിടന്ന 60 വയസ്സുള്ള സ്ത്രീയെ ജീവനോടെ രക്ഷപ്പെടുത്തി. മരിച്ചവരെ തിരിച്ചറിയാൻ ഡി.എൻ.എ പരിശോധന ആരംഭിച്ചിട്ടുണ്ട്.

*********************

## NEPAL-DNA

നേപ്പാൾ മിന്നൽ പ്രളയത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള ഡിഎൻഎ പരിശോധന സംബന്ധിച്ച നടപടികൾക്കായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസർമാരെ നിയോഗിച്ചു. തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ ഫോറൻസിക് സയൻസ് ലാബോറട്ടറി, തൃശൂർ, എറണാകുളം,കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറികൾ എന്നിവിടങ്ങളിൽ നിന്നുള്ള വരെയാണ് നോഡൽ ഓഫീസർമാരായി നിയോഗിച്ചത്. മരിച്ചവരുടെ ബന്ധുക്കൾക്ക് അതാത് പ്രദേശത്തുള്ള നോഡൽ ഓഫീസർമാരെ ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാം.

*********************

## Womens T20 Cricket

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. മുൻ മത്സരങ്ങളിൽ തായ്‌ലൻഡിനെയും ഹോങ്കോങ്ങിനെയും പരാജയപ്പെടുത്തിയ ഇന്ത്യ ഇതിനകം സെമിഫൈനൽ യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്.

*********************

***********

***